## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 105

13/06/2013ൽ
മറുപടിയ്ക്ക്

### റവന്യൂ വകുപ്പിലെ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.പാലോട് രവി<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ഹൈബി ഈഡൻ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് റവന്യൂ വകുപ്പിലെ സേവനങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy)ആധുനികരീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത്, എവിടെവച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകൾ വഴി നൽകി വരുന്ന സേവനങ്ങളെ പ്രധാനമായി അഞ്ചായി തിരിക്കാം.<br>1. സർട്ടിഫിക്കറ്റ് സേവനങ്ങൾ<br>2. സാമ്പത്തിക സേവനങ്ങൾ<br>3. ഭൂമി സംബന്ധമായ സേവനങ്ങൾ<br>4. ഭൂമി പതിവ് സേവനങ്ങൾ<br>5. ഫയൽ ട്രാക്കിംഗ് സേവനങ്ങൾ<br><br>SMART എന്ന് ചുരുക്കിപ്പറയാവുന്ന ഈ സംവിധാനം പ്രായോഗികമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി റവന്യൂ |

വകുപ്പിൽ നിന്നും നൽകുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ സംസ്ഥാനമൊട്ടാകെ ഓൺലൈൻ വഴി നൽകിവരുന്നു. കൂടാതെ, പൈലറ്റടിസ്ഥാനത്തിൽ ഭൂമിയുടെ ഓൺലൈൻ വഴിയുള്ള പോക്കുവരവ് പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 17 വില്ലേജുകളിൽ നടന്നു വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്നും വിശദാംശങ്ങൾ എന്തെല്ലാമാണ് എന്നും അറിയിക്കുമോ ; | (ബി) | പരമാവധി സുതാര്യവും, വേഗത്തിലും അഴിമതി രഹിതവുമായ ഒരു നടപടി ക്രമമാണ് ഇ-ജില്ലാ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കുമോ; | (സി) | റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടേയും,എൻ.ഐ.സി (NIC) യുടെയും അക്ഷയസെന്ററുകളുടേയും സഹായ ത്തോടെ ReLIS പദ്ധതിയും, റവന്യൂ വകുപ്പ് , ഐ.റ്റി. മിഷൻ, എൻ.ഐ.സി (NIC) അക്ഷയസെന്ററുകൾ എന്നിവയുടെ സഹായത്തോടെ ഇ - ഡിസ്ട്രിക്ട് പദ്ധതിയും (ഓൺ ലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾ) നടപ്പിലാക്കിവരുന്നു. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്നും വിശദീകരിക്കുമോ? | (ഡി) | ഇ-ജില്ലാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വില്ലേജ് ആഫീസുകളിലും ഇന്റർനെറ്റ് ബന്ധം നൽകുകയുണ്ടായി. കൂടാതെ കമ്പ്യൂട്ടറുകൾ ലഭ്യമല്ലാതിരുന്ന സംസ്ഥാനത്തെ എല്ലാ വില്ലേജ് ആഫീസർമാർക്കും ലാപ്ടോപ്പുകളും നൽകിയിട്ടുണ്ട്. വില്ലേജ് താലൂക്ക് തലങ്ങളിലുള്ള ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകി അവരെ ഈ പദ്ധതി നടത്തിപ്പിനായി സുസജ്ജമാക്കിയിട്ടുണ്ട്. ഓൺലൈൻ പോക്കുവരവുമായി ബന്ധപ്പെട്ട് 9 ജില്ലകളിലെ റീ-സർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളിലെ ഭൂരേഖകൾ നാളതീകരിച്ച് സൂക്ഷിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ